(ബി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ മലയാളി സംഘടനകളെയും ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ക്ഷണിച്ചുകൊണ്ട് പത്ര പരസ്യം നൽകിയിരുന്നു.

(സി) മറുനാടൻ മലയാളി സംഗമത്തിന്റെ പ്രചരണാർത്ഥം ആരും വിദേശയാത്ര നടത്തിയിട്ടില്ല.

(ഡി) മറുനാടൻ മലയാളി ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളായിരിക്കണം എന്ന മാനദണ്ഡം മാത്രമായിരുന്നു സംഘടനകളെ ക്ഷണിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിച്ചത്.

സമന്വയം 2003-ലേയ്ക്ക് ക്ഷണം ലഭിച്ച മറുനാടൻ മലയാളികൾ

145(4428) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമന്വയം 2003-ൽ സംബന്ധിക്കുന്നതിന് ഏതെല്ലാം മറുനാടൻ മലയാളികളുടെ സംഘടനകളെ ഗവൺമെന്റ് ഔദ്യോഗികമായി ക്ഷണിക്കുകയുണ്ടായി ;

(ബി) മറുനാടൻ മലയാളി സംഘടനകളെ ഇതിലേക്ക് ക്ഷണിക്കുവാനായി എന്തെങ്കിലും മാനദണ്ഡം നിശ്ചയിക്കപ്പെടുകയുണ്ടായോ ;

(സി) ഇല്ലെങ്കിൽ ചില മറുനാടൻ മലയാളി സംഘടനകളെ ക്ഷണിക്കുവാൻ ഗവൺമെന്റ് വിമുഖത കാണിച്ചതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇന്ത്യയിൽ പ്രവർത്തിക്കുന്ന മറുനാടൻ മലയാളി സംഘടനകളുടെ സമഗ്രമായ വിവരം ലഭ്യമല്ലെങ്കിലും, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലുള്ള എല്ലാ മലയാളി സംഘടനകളെയും സമ്മേളനത്തിലേക്ക് ക്ഷണിച്ചുകൊണ്ട് പത്രപരസ്യങ്ങൾ നൽകിയിരുന്നു. കൂടാതെ, നിവേദനങ്ങളുൾപ്പെടെ സർക്കാരുമായി മുമ്പ് ബന്ധപ്പെട്ട സംഘടനകൾക്കും വിവിധ മാർഗ്ഗങ്ങളിലൂടെ മേൽവിലാസം സമാഹരിക്കുവാൻ കഴിഞ്ഞ സംഘടനകൾക്കും കത്തുകൾ അയച്ചുകൊണ്ടാണ് സമ്മേളനവിവരം പ്രചരിപ്പിച്ചത്.

(ബി & സി) മറുനാടൻ മലയാളി ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളായിരിക്കണം എന്നതു മാത്രമായിരുന്നു സംഘടനകളെ ക്ഷമിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം.

മറുനാടൻ മലയാളി സമ്മേളനം

146(4429) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ജൂലൈ 12, 13 തീയതികളിൽ തിരുവനന്തപുരത്ത് നടന്ന മറുനാടൻ മലയാളി സമ്മേളനം സർക്കാർ നടത്തിയതാണോ ;

(ബി) എങ്കിൽ ഇത്തരം സമ്മേളനം നടത്തുന്നതിന് സർക്കാരിനെ പ്രേരിപ്പിച്ച ഘടകമെന്താണെന്ന് വ്യക്തമാക്കാമോ ;

(സി) സമ്മേളനത്തിൽ എത്ര സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സമ്മേളനത്തിൽ പ്രധാനപ്പെട്ട തീരുമാനങ്ങൾ വ്യക്തമാക്കാമോ ;

(ഇ) സമ്മേളനത്തിന്റെ നടത്തിപ്പിനായി സർക്കാരിന് നേരിട്ടും സർക്കാരുമായി ബന്ധപ്പെട്ട മറ്റു സംഘടനകൾക്കുമായി വന്ന ചെലവ് എത്രയെന്ന് വെളിപ്പെടുത്താമോ ;

(എഫ്) കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയിൽ സംസ്ഥാനത്തിനകത്തുവച്ചോ പുറത്തുവച്ചോ മറുനാടൻ മലയാളി സമ്മേളനങ്ങൾ സർക്കാർ മുൻകൈ എടുത്ത് നടത്തിയിട്ടുണ്ടോ ; എങ്കിൽ എവിടെവച്ചെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ജി) ബാഗ്ലൂരിൽ വച്ച് നടത്താൻ തീരുമാനിച്ചിരുന്ന മറുനാടൻ മലയാളി സമ്മേളനം ഉപേക്ഷിക്കാനുണ്ടായ കാരണമെന്താണ് ; ഇതിന്റെ നടത്തിപ്പിനായി എന്തുതുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

(എച്ച്) നടക്കാതെപോയ സമ്മേളനത്തിന് ചെലവഴിച്ച തുക പാഴ്ച്ചെലവായി കരുതുന്നുണ്ടോ : പ്രസ്തുത സമ്മേളനത്തിനായി വമ്പിച്ച തോതിൽ സംഭാവന പിരിച്ചെടുത്തായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) അതെ.

(ബി) ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ വസിക്കുന്ന മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാൻ ഒരു വേദി ഒരുക്കുന്നതിന് സർക്കാർ ആലോചിച്ചിരുന്നു. ഇതിന്റെഫലമായാണ് സമന്വയം 2003 സംഘടിപ്പിച്ചത്.

(സി) തമിഴ്നാട്, ആന്റമാൻ-നിക്കോബാർ, കർണ്ണാടക, ആന്ധ്രാപ്രദേശ്, നാഗാലാന്റ്, സിക്കിം, മഹാരാഷ്ട്ര, ഛത്തിസ്ഗഢ്, ഗുജറാത്ത്, ഡൽഹി, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നും പ്രതിനിധികൾ പങ്കെടുത്തു. വിദേശ മലയാളികളെ പ്രതിനിധാനം ചെയ്ത് ദോഹയിലെ നോർക്കയുടെ followup കമ്മിറ്റിഅംഗം അതിഥിയായ് പങ്കെടുത്തിരുന്നു.

(ഡി) സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ ആശയങ്ങളെ ക്രോഡീകരിച്ച് ഒരു 16 ഇന കർമ്മപരിപാടിക്ക് രൂപം നൽകുകയുണ്ടായി. പ്രസ്തുത കർമ്മ പരിപാടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സമ്മേളനം നടത്തിപ്പിന്റെ ചുമതല നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ റൂട്ട്സ് എൻ. ആർ.കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് എന്ന കമ്പനിയെയാണ് ഏല്പിച്ചിരുന്നത്. നടത്തിപ്പിന്റെ ചിലവുകൾക്കായി സർക്കാർ 5 ലക്ഷം രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. വരവ് ചെലവുകൾ സംബന്ധിച്ച കണക്കുകൾ റൂട്ട്സിൽ നിന്നും ലഭിച്ചിട്ടില്ല.

(എഫ്) 2003 ജൂലൈ മാസം 12-13 തീയതികളിൽ തിരുവനന്തപുരത്ത് വച്ചാണ് ആദ്യത്തെ മറുനാടൻ മലയാളി സംഗമം സംഘടിപ്പിക്കപ്പെട്ടത്.

(ജി) സമ്മേളനത്തിനെതിരെ ചില സംഘടനകളുടെ ഭീഷണി മൂലമാണ് ബാഗ്ലൂരിൽ വച്ചു നടത്തുവാൻ തീരുമാനിച്ചിരുന്ന മറുനാടൻ മലയാളി സമ്മേളനം ഉപേക്ഷിച്ചത്. ഇതിന്റെ പ്രാരംഭ ചിലവുകൾക്കായി 1,45,670 രൂപ ചിലവായിട്ടുണ്ട്.

(എച്ച്) അവിചാരിത കാരണങ്ങളാൽ അവസാന നിമിഷം മാറ്റിവയ്ക്കപ്പെട്ട ഈ സമ്മേളനത്തിന് ചിലവായ തുക ഒരു പാഴ് ചെലവായി കരുതുന്നില്ല. സ്പോൺസർഷിപ്പും സംഭാവനയുമായും ലഭിച്ച തുക മുഴുവൻ മടക്കി നൽകിയിട്ടുണ്ട്.

മറുനാടൻ മലയാളി സമ്മേളനം

147 (4430) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് ഈയിടെ സംഘടിപ്പിച്ച മറുനാടൻ മലയാളി സമ്മേളനത്തിൽ എത്ര നഗരങ്ങളിൽ നിന്നും മറുനാടൻ പ്രതിനിധികൾ എത്തിയിരുന്നുവെന്നറിയിക്കുമോ ;

(ബി) സമ്മേളനം പരിപാടിയുടെ ഫലമായുണ്ടായ പ്രധാനനേട്ടങ്ങൾ എന്തെല്ലാമാണ് ;

(സി) മറുനാടൻ മലയാളികൾക്ക് ഭാഷ ന്യൂനപക്ഷ പദവിയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂട്ടികൾക്ക് ആനുകൂല്യങ്ങളും ഉറപ്പാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) തമിഴ്നാട്, ആന്റമാൻ-നിക്കോബാർ, കർണ്ണാടക, ആന്ധ്രാപ്രദേശ്, നാഗാലാന്റ്, സിക്കിം, മഹാരാഷ്ട്ര, ഛത്തിസ്ഗഢ്, ഗുജറാത്ത്, ഡൽഹി, പശ്ചിമ ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നും മറുനാടൻ മലയാളി പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു.

(ബി) മറുനാടൻ മലയാളികൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ കുറിച്ച് മനസ്സിലാക്കുവാനും പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ ചർച്ച ചെയ്യുവാനും മറുനാടൻ മലയാളികൾക്കായി 16 ഇന കർമ്മപരിപാടിക്ക് രൂപ നൽകുവാനും സമ്മേളനം ഉപകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly